(ഇ) തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ തൊഴിൽ നയം താമസംവിനാ പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കും. കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുമായി വിശദമായ ഒരു ചർച്ച നടത്തിയശേഷം മാത്രമേ തൊഴിൽനയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. അതിന്റെ കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിൽമേഖലയിൽ തൊഴിൽതർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലങ്ങളിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഈ ഉദ്യോഗസ്ഥൻമാർ തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടാറുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽതർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽമേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) തൊഴിൽ സമരംമൂലം 1.6.98 മുതൽ 31.5.99 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പാലക്കാട് കഞ്ചിക്കോട് ശ്രീ. ലാസ്പിൻ ലിമിറ്റഡ് എന്ന സ്ഥാപനം മാത്രമേ പൂട്ടിയിട്ടിട്ടുള്ളൂ.

(ഇ) തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

87 (483) സംസ്ഥാന ഗവൺമെന്റിന്റെ തൊഴിലാളി നയം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിലാളിനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി തൊഴിലാളി നയത്തിന് രൂപം കൊടുക്കുവാൻ നടപടിയെടുക്കുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ഇതിലേയ്ക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി യുള്ള ചർച്ച നടന്നുവരുന്നു.

(ബി) ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡിൽ ചർച്ചചെയ്ത് അന്തിമരൂപം ആയതിനുശേഷം എല്ലാ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി തൊഴിലാളിനയത്തിന് അന്തിമരൂപം കൊടുക്കുന്നതാണ്.

88 (484) കയറ്റിറക്ക് കൂലി പരസ്യപ്പെടുത്താൻ നടപടി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റിറക്ക് തൊഴിലാളികൾക്ക് സാധനങ്ങൾ കയറ്റാനും ഇറക്കാനും നിശ്ചയിച്ചിരിക്കുന്ന കൂലി പൊതുജനങ്ങളുടെ അറിവിലേക്ക് പത്രങ്ങളിൽ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തൊഴിലാളികൾ അന്യായമായി കൂലി ആവശ്യപ്പെട്ടാൽ പോലീസ് ഇടപെട്ട് സർക്കാർ നിശ്ചയിച്ചിരിക്കുന്ന കൂലി നൽകി പ്രശ്നം തീർക്കാൻ പോലീസിന് ചുമതലയുണ്ടോ;

(സി) വാടക വീട്ടിലേക്കും മറ്റും മാറി താമസിക്കുന്ന സാധാരണക്കാരോട് തൊഴിലാളികൾ അന്യായമായ കൂലി ആവശ്യപ്പെടുന്നതുകൊണ്ട് സാധനങ്ങൾ കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ നിയന്ത്രണം വരുത്തി ജനങ്ങളുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് സാധനങ്ങൾ കയറ്റാനും ഇറക്കാനും നിശ്ചയിച്ചിരിക്കുന്ന കൂലി വിവരം കേരള സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യാറുണ്ട്. പത്രങ്ങളിൽ കൂലി പരസ്യപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തൊഴിലാളി അന്യായമായി കൂലി ആവശ്യപ്പെട്ടാൽ പോലീസിന് ഇടപെടുവാൻ കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഈ വിവരം സംബന്ധിച്ച് ക്രമസമാധാനം ഇല്ലാതായാൽ പോലീസ് ഇടപെടാറുണ്ട്.

(സി) ഉണ്ട്.

(ഡി) പരിഹാരം ഉണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്.

89 (485) തൊഴിൽമേഖലയിലെ തർക്കങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly